## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട** **17.10.2011-ൽ**

**നിയമസഭാ ചോദ്യം നമ്പർ : 362** **മറുപടിക്ക്.**

## കയർ കമ്മീഷൻ റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം.ആരിഫ്<br>ശ്രീ.ജി.സുധാകരൻ<br>ശ്രീ. കെ. ദാസൻ<br>ശ്രീമതി.പി.അയിഷാ പോറ്റി. | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| **എ) കയർ തൊഴിലാളികളെ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;** | **കയർ തൊഴിലാളികളെ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ താഴെച്ചേർക്കുന്നു.**<br>1. കയർ സംഘങ്ങൾക്ക് പുനരുദ്ധാരണത്തിന്റെ ഭാഗമായി പ്രവർത്തന മൂലധനം നൽകിയിട്ടുള്ളതും കൂടുതൽ തുക നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br>2. ഉല്പന്നമേഖലയിലെ നിത്യവേതന തൊഴിലാളികൾക്ക് ലഭിച്ചിരുന്ന കുറഞ്ഞ കൂലി 200 രൂപയിൽ നിന്ന് 285 രൂപയായും മറ്റു തൊഴിലാളികളുടെ കൂലി ആനുപാതികമായും വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.<br>3. കയർ പിരി മേഖലയിൽ ഇപ്പോൾ നൽകി വരുന്ന 150 രൂപ കൂലി, വരുമാനം ഉറപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി 210 രൂപയാക്കിയെങ്കിലും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.<br>4. കയർ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ അവസരവും, വരുമാനവും ഉറപ്പാക്കുന്നതിന്റെ ഭാഗമായി തൊണ്ട് സംഭരണം ശക്തിപ്പെടുത്തുന്നതിന് തൊണ്ട് സംഭരണത്തിനുള്ള ഇൻസെന്റീവ് വർദ്ധിപ്പിക്കുകയും, കയർസംഘങ്ങൾക്ക് പ്രവർത്തന മൂലധനവും ട്രാൻസ് പോർട്ടേഷൻ സബ്സിഡിയും നൽകി പ്രോൽസാഹിപ്പിക്കുന്നതോടൊപ്പം, തൊണ്ട് സംഭരണം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള |

| | |
|---|---|
| | പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>ചകിരി ക്ഷാമം പരിഹരിക്കുന്നതിന് 123000/- രൂപ വിലവരുന്ന 168 മിനിഡീഫൈബറിംഗ് മെഷീനുകൾ കയർ സംഘങ്ങൾക്ക് സൗജന്യമായും, മറ്റു മേഖലയിലെ സ്ഥാപനങ്ങൾക്ക് സബ്സിഡി നിരക്കിലും നൽകിയിട്ടുണ്ട്. പ്രതിവർഷം 500 മിനിഡീഫൈബറിംഗ് മെഷീനുകൾ എങ്കിലും ഇത്തരത്തിൽ നൽകുവാൻ സർക്കാർ തയ്യാറാണ്. പ്രവർത്തനരഹിതമായ ഡീഫൈബറിംഗ് മെഷീനുകൾ പുനരുദ്ധരിക്കാൻ പരമാവധി 15 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നതിനും പുതിയതായി തുടങ്ങുന്നതിന് സംഘങ്ങൾക്ക് 25 ലക്ഷം രൂപവരെയും സ്വകാര്യ മേഖലയിൽ 10 ലക്ഷം രൂപവരെയും സബ്സിഡി നൽകുന്നതാണ്.<br>5. കയർ പിരി തൊഴിലാളികളുടെ അദ്ധ്വാനഭാരം കുറച്ചു, ഗുണമേന്മയുള്ള വിവിധ കയറിനങ്ങൾ കൂടുതൽ ഉല്പാദിപ്പിക്കുവാൻ കഴിയുന്ന ഓട്ടോമാറ്റിക് സ്പിന്നിംഗ്മെഷീൻ, പരീക്ഷണാടിസ്ഥാനത്തിൽ എൻ.സി.ആർ.എം.ഐ, വികസിപ്പിച്ചിട്ടുണ്ട്.<br>6. കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി പ്രതിമാസം 400 രൂപാ വീതം പെൻഷൻ, കുടുംബപെൻഷൻ, ചികിത്സാചെലവ്, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം, ശവസംസ്ക്കാര ചെലവിനുള്ള ധന സഹായം തുടങ്ങിയ ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്.<br>കയർ തൊഴിലാളികൾക്കായി ആലപ്പുഴയിൽ ക്ഷേമനിധിബോർഡ് വൃദ്ധസദനവും നടത്തിവരുന്നുണ്ട്.<br>7. കയർ തൊഴിലാളി 'കടാശ്വാസപദ്ധതിയും' നടപ്പിലാക്കി വരുന്നുണ്ട്.<br>8. 'ക്രയവില സ്ഥിരതാ' പദ്ധതി കയർ കോർപ്പറേഷൻ വഴി നടപ്പാക്കി വരുന്നു. കയറ്റുമതിക്കാരിൽ നിന്ന് ഓർഡർ സ്വീകരിച്ച്, ചെറുകിട ഉല്പാദക സംഘങ്ങളിൽ നിന്ന് |

| | |
|---|---|
| | കയർ കോർപ്പറേഷൻ വിവിധ ഉല്പന്നങ്ങൾ സംഭരിച്ച് നൽകുകവഴി തൊഴിലാളികൾക്ക് കൂടുതൽ തൊഴിലും ന്യായവിലയും ഉറപ്പാക്കിവരുന്നു.<br>9. കയർഫെഡ്, കയർപിരി സംഘങ്ങൾക്ക് വേണ്ടി ചകിരി വാങ്ങി, ന്യായവിലക്ക് നൽകി, സംഘം സർക്കാർ നിശ്ചയിക്കുന്ന കൂലി തൊഴിലാളികൾക്ക് നൽകി, കയർ പിരിപ്പിച്ച് കയർ ഫെഡ് സംഭരിക്കുകവഴി- തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരവും വേതനവും ഉറപ്പാക്കിവരുന്നു.<br>10. കയറിന്റെയും കയറുല്പന്നങ്ങളുടെയും ആഭ്യന്തര-വിദേശ വിപണി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, 'കയർ കേരള 2011' ആലപ്പുഴ വച്ച് നടത്തിയിട്ടുള്ളതും തുടർന്ന് 'കയർകേരള 2012' നടത്തുന്നതിന് തീരുമാനിക്കുകവഴി - കയർ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ ഉറപ്പാക്കുന്നു. |
| ബി. കയർ കമ്മീഷൻ റിപ്പോർട്ടിലെ പ്രമുഖ ശുപാർശകൾ എന്തൊക്കെയായിരുന്നു. | ബി. കയർ കമ്മീഷൻ നൽകിയ പ്രധാന ശുപാർശകൾ ചുവടെ ചേർക്കുന്നു.<br>1. തൊണ്ട് സംഭരണത്തിനായി തൊണ്ട് സംഭരണ കമ്മിറ്റികൾ/തൊണ്ട്സംഭരണസംഘങ്ങൾ/കൺസോർഷ്യം രൂപീകരിക്കുകയും ഒരു തൊണ്ടിന് 10 പൈസ നിരക്കിൽ ഇൻസെന്റീവ് / സബ്സിഡി നൽകുകയും ചെയ്യുക.<br>2. ചകിരി ഉല്പാദനം വർദ്ധിപ്പിക്കുന്നതിലേക്കായി പുതുതായി 100 ഡീഫൈബറിംഗ് മില്ലുകൾ ആരംഭിക്കുക. ഡീഫൈബറിംഗ് മില്ലുകൾക്ക് 50% വൈദ്യുതി സബ്സിഡി നൽകുക. പ്രവർത്തന രഹിതമായ ഡീഫൈബറിംഗ് മില്ലുകൾ പ്രവർത്തനക്ഷമമാക്കുക. ഇവയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകുക.<br>3. സഹകരണ സംഘങ്ങൾ പുനസംഘടിപ്പിക്കുക. പ്രവർത്തന ക്ഷമ-- |

മല്ലാത്ത സംഘങ്ങളുടെ രജിസ്ട്രേഷന്‍ റദ്ദുചെയ്യുക. സംഘം തൊഴിലാളികളുടെ ത്രിഫ്റ്റ് മടക്കി നല്‍കുക. സംഘം ജീവനക്കാര്‍ക്കുള്ള ഗ്രാറ്റുവിറ്റി എന്നിവയിലേയ്ക്ക് ധനഹായം സര്‍ക്കാര്‍ നല്‍കണം. കയര്‍ സംഘങ്ങളുടെ ആഡിറ്റ് കയര്‍ വികസന വകുപ്പിന് നല്‍കുക.

- ❖ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീന്‍ സ്ഥാപിക്കുക.
- ❖ വില സ്ഥിരതാഫണ്ട് ഏര്‍പ്പെടുത്തുക.
- ❖ അനുപം ലൂം അനുഗ്രഹ ലൂം എന്നീ ഉല്‍പ്പാദന ക്ഷമത കൂടിയ ലൂമുകള്‍ സ്ഥാപിക്കുക. ഇവയ്ക്ക് ആവശ്യമായ ഗ്രാന്റുകള്‍ സര്‍ക്കാര്‍ നല്‍കുക.
- ❖ അസംസ്കൃത സാധന ബാങ്ക് സ്ഥാപിക്കുക
- ❖ കയര്‍ പിരി മേഖലയിലെ തൊഴിലാളികളുടെ തൊഴില്‍ ഉറപ്പുവരുത്തുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുക.
- ❖ ക്ഷേമനിധി ബോര്‍ഡിന്റെ പ്രവര്‍ത്തനം വിപുലപ്പെടുത്തി തൊഴിലാളികള്‍ക്ക് വേണ്ടി കൂടുതല്‍ ക്ഷേമ പദ്ധതികള്‍ നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുക.
- ❖ കയര്‍തൊഴിലാളികളെയെല്ലാം ഇ എസ് ഐ പരിധിയില്‍ കൊണ്ടുവരിക. തൊഴിലാളികള്‍ക്ക് മുഴുവനും ഇന്‍ഷ്വറന്‍സ് പരിരക്ഷ നല്‍കുക. പ്രകൃതി ദുരന്തങ്ങള്‍ ഉണ്ടാകുമ്പോള്‍ കയര്‍ മേഖലയില്‍ സഹായം നല്‍കുന്നതിനുള്ള വ്യവസ്ഥ ഡിസാസ്റ്റര്‍ - സഹായ പദ്ധതിയില്‍ ഉള്‍പ്പെടുത്തുക.
- ❖ റിമോട്ട് പദ്ധതിയില്‍ കയര്‍ സഹകരണ സംഘങ്ങളെ കൂടി ഉള്‍പ്പെടുത്തി പദ്ധതിയില്‍ ഭേദഗതി വരുത്തുവാന്‍ കയര്‍ ബോര്‍ഡിനോട് ശുപാര്‍ശ ചെയ്യുക.
- ❖ കയര്‍മേഖലയിലെ പദ്ധതികള്‍ ഏറ്റെടുത്തു നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങള്‍ക്ക് അനുമതി നല്‍കുക.

- കയർ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ സംഭ രിച്ച് വിപണനം നടത്തുന്ന ചുമതലയല്ലാതെ മറ്റ് ചുമതലകളൊന്നും മേലിൽ കയർഫെഡ് ഏറ്റെടുക്കരുത്.
- കയർഫെഡിന്റെ മുഴുവൻ ശ്രദ്ധയും മാർക്കറ്റിംഗിൽ കേന്ദ്രീകരിക്കണം.
- നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ ഊർജ്ജിത നടപടികൾ സ്വീകരിക്കുക. വേഗത്തിൽ കായ്ഫലം തരുന്നതും അധികം പൊക്കമില്ലാത്തതുമായ തെങ്ങിൻ തൈകൾ വ്യാപകമായി വച്ച് പിടിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കണം.
- ചെറുകിട ഉൽപ്പാദകർക്കും കയർ സഹകരണ സംഘങ്ങൾക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുവാൻ ബാങ്കുകൾക്ക് സർക്കാർ നിർദ്ദേശം നൽകുക.
- ചെറുകിട ഉൽപ്പാദകർക്കായി കടാശ്വാസം ഏർപ്പെടുത്തുക. അവർക്ക് കുറഞ്ഞ പലിശയ്ക്ക് ബാങ്ക് വായ്പ നൽകാനുള്ള നടപടി സ്വീകരിക്കുക.
- ഗവേഷണ വികസന പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനെ ശക്തിപ്പെടുത്തുക കൂടുതൽ പരിശീലനങ്ങൾ തൊഴിലാളികൾക്ക് ഏർപ്പെടുത്തുക. കയർ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പോളിടെക്നിക്കുകൾ, ഐ ടി ഐ കൾ എന്നിവയിൽ ഉൾപ്പെടുത്തുക.
- കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലി. എന്നീ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുക.
- കയർ വികസന വകുപ്പ് വ്യവസായ വകുപ്പിൽ നിന്നും മാറ്റി പ്രത്യേക സ്വതന്ത്ര വകുപ്പ് ആക്കുക. കയർ വികസന ഡയറക്ടറേറ്റ്, കയർ പ്രൊജക്റ്റ് ഓഫീസുകൾ, കയർ ഇൻസ്പെക്ടർ ഓഫീസുകൾ എന്നിവയെ കയർ മേഖലയുടെ ഫെസിലിറ്റേറ്റർ റോളിലേയ്ക്ക് മാറ്റിയെടുക്കണം.

| | |
|---|---|
| | ❖ വിപണന സാധ്യതകൾ വിപുലമാക്കുന്നതിലേയ്ക്കായി കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം രൂപീകരിക്കുക.<br>❖ കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.<br>❖ കയർ ഉൽപ്പന്നങ്ങൾ പുതിയ ഡിസൈനിലും പാറ്റേണിലും വികസിപ്പിക്കുക, വൈവിധ്യവൽക്കരണത്തിനുള്ള നടപടി സ്വീകരിക്കുക.<br>❖ കയർമേഖലയ്ക്ക് ആവശ്യമായ പുതിയ ഫാക്ടറി സ്ഥാപിക്കുക.<br>❖ സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ മാതൃകയിൽ കയർ മന്ത്രി ചെയർമാനും കയർ രംഗത്തെ വിദഗ്ദ്ധനെ വൈസ് ചെയർമാനുമായി ഈ മേഖലയ്ക്ക് ആവശ്യമായ നയങ്ങൾ രൂപീകരിക്കുന്നതിനായി അപെക്സ് ബോഡി ഫോർ കയർ (ABC) രൂപീകരിക്കുക.<br>❖ കയർ തൊഴിലാളിയ്ക്ക് തൊഴിൽ മാന്യത ഉറപ്പുവരുത്തുക. |
| (സി) ശുപാർശകളിൽ സർക്കാർ അംഗീകരിച്ചവ ഏതൊക്കെയാണ്? | സി) കയർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളുടെ സംഗ്രഹം 06/3/2009 ലെ സ.ഉ (എം എസ്) നം.37/09 വ്യവ പ്രകാരം അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി കൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

വ്യവസായ വകുപ്പ് - കേരളത്തിലെ കയർ മേഖലയുടെ സമഗ്ര പുനഃസംഘടന സംബന്ധിച്ച് പഠനം നടത്തിയ കയർ കമ്മീഷൻ റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (ഇ) വകുപ്പ്

സ. ഉ. (എം.എസ്) നം. 37/09/വ്യവ. തീയതി, തിരുവനന്തപുരം, 06.03.2009

---

പരാമർശം:- സർക്കാർ ഉത്തരവ് (എം.എസ്) നം. 99/2007/വ്യവ. തീയതി 19.07.07.

## ഉത്തരവ്

കേരളത്തിലെ കയർ മേഖലയുടെ സമഗ്ര പുനഃസംഘടനയ്ക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ശ്രീ. ആനത്തലവട്ടം ആനന്ദൻ എം.എൽ.എ. ചെയർമാനായി "കയർ കമ്മീഷൻ" പരാമർശത്തിലെ ഉത്തരവ് പ്രകാരം സർക്കാർ രൂപീകരിച്ചിരുന്നു. കയർ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിക്കുകയും, റിപ്പോർട്ട് തത്വത്തിൽ അംഗീകരിക്കുകയും ചെയ്യുന്നു. കയർ കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കുമെന്ന് ആരാധ്യനായ ഗവർണ്ണർ നയപ്രഖ്യാപന പ്രസംഗത്തിലൂടെയും, ബഹു: ധനവകുപ്പു മന്ത്രി ബജറ്റ് പ്രസംഗത്തിലൂടെയും പ്രഖ്യാപിച്ചു.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ കയർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കേണ്ടതിനെ സംബന്ധിച്ച സംക്ഷിപ്തമായ മാർഗ്ഗനിർദ്ദേശങ്ങളും, ലക്ഷ്യങ്ങളും അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. ഇതനുസരിച്ച് ബന്ധപ്പെട്ട ഏജൻസികൾ സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**റാണി ജോർജ്ജ്**
അഡീഷണൽ സെക്രട്ടറി

കയർ വികസന ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, ദൂർദർശൻ കേന്ദ്രത്തിനു സമീപം, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കയർഫെഡ്, ആലപ്പുഴ.
മാനേജിംഗ് ഡയറക്ടർ, ഫോമിൽ, ആലപ്പുഴ.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ആലപ്പുഴ.
ചീഫ് എക്സിക്യൂട്ടീവ്, കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്, ആലപ്പുഴ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ആലപ്പുഴ കയർ ക്ലസ്റ്റർ ഡവലപ്മെന്റ് സൊസൈറ്റി, ആലപ്പുഴ.
അക്കൗണ്ടന്റ് ജനറൽ എ&ഇ/ഓഡിറ്റ്, കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

പകർപ്പ്:- PS to Minister ( Co-operation, Coir and Devaswom)
CA to Additional Secretary (Coir)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ